# ആത്മരക്ഷ

## സഭാപ്രസംഗി 12:7

**"പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്ക് തിരികെ ചേരും, ആത്മാവ് അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങി പോകും."**

മനുഷ്യ ജീവിതത്തിന്റെ പരമ സത്യമായ യാഥാർഥ്യത്തെ ഓർമ്മപ്പെടുത്തുന്ന ഒരു വാക്യമാണ് നാം കണ്ടത്. ദൈവത്തിൽ നിന്ന് പരിജ്ഞാനം ലഭിച്ചവനായ ശലോമോൻ രാജാവ് തന്റെ ജീവിത അനുഭവങ്ങളിൽ മനസ്സിലാക്കിയ സത്യങ്ങളാണ് സഭാപ്രസംഗിയുടെ പുസ്തകത്തിലൂടെ എഴുതിയിരിക്കുന്നത്. അതിൽ പരമപ്രധാനമായ ഒരു സത്യമാണ് നാം ഇന്ന് ചിന്തിക്കുന്നത്.

ആദിയിൽ ദൈവം, തന്റെ കരസ്പർശത്താൽ മണ്ണിൽ നിന്ന് മനുഷ്യ ശരീരത്തെ നിർമ്മിച്ചു. എന്നാൽ അവന്റെ നാസാദ്വാരങ്ങളിൽ ദൈവത്തിന്റെ ജീവശ്വാസം ഊതിക്കൊണ്ട് പൊടിയിൽ നിന്ന് അവനെ എഴുന്നേൽപിച്ചു. അവന് വേണ്ടുന്നതെല്ലാം നൽകി അവനെ ഏദൻ തോട്ടത്തിൽ പാർപ്പിച്ചു. മനുഷ്യൻ എപ്പോഴും ദൈവവുമായുള്ള ബന്ധത്തിൽ ജീവിച്ചു. എന്നാൽ പാപം ചെയ്ത നാളിൽ അവരുടെ ആത്മമരണം സംഭവിച്ചു. ഈ ആത്മാവിനെ വീണ്ടെടുക്കാൻ ദൈവം തന്റെ ഏകജാതനായ പുത്രനെ ക്രൂശിൽ മരിക്കാൻ അനുവദിച്ചു, നമ്മെ വീണ്ടെടുത്തു.

ദൈവം ഇത്രമാത്രം വില കൽപ്പിക്കുന്ന നമ്മുടെ ആത്മാവിന് നാം ഈ ലോകജീവിതത്തിൽ എന്തു വില നൽകുന്നു? പൊടിയായതും, പൊടിയാകേണ്ടുന്നതുമായ ഈ ശരീരത്തെ പോറ്റിപ്പുലർത്താൻ ജീവിതകാലം മുഴുവൻ അദ്ധ്വാനിക്കുന്നു. നിത്യതയിൽ എത്തിക്കേണ്ട ആത്മാവിനെ കുറിച്ച് നാം മറക്കുന്നു. ഇതാണ് പിശാചിന്റെ തന്ത്രം. ഓരോ ആത്മാവ് ദൈവസന്നിധിയിൽ എത്താൻ വേണ്ടി ദൈവം ആഗ്രഹിക്കുമ്പോൾ അതിനെ നരകത്തിലെത്തിക്കാൻ സാത്താൻ അഹോരാത്രം പണിയെടുക്കുന്നു. അറിഞ്ഞോ അറിയാതെയോ നാമും അവന്റെ തന്ത്രങ്ങളിൽ വീണു പോകുന്നു.

ഓരോ വ്യക്തിയും പ്രാധാന്യം നൽകേണ്ടത് സ്വന്തം ആത്മരക്ഷക്കുവേണ്ടിയാണ്. അത് ഉറപ്പാക്കിയതിന് ശേഷം മറ്റുള്ളവർക്കും ഈ സത്യം മനസ്സിലാക്കി കൊടുക്കണം. അതാണ്, അതു മാത്രമാണ് ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്. ഇത് ഉറപ്പാക്കാതെ എന്തെല്ലാം ചെയ്താലും നാം മണ്ണോടു ചേരുമ്പോൾ നമ്മുടെ പ്രവൃത്തികളും അവിടെ തീരും. എന്നാൽ എന്റെ ആത്മാവിനെ ദൈവകരങ്ങളിൽ മടക്കിക്കൊടുക്കാനുള്ള ഉത്തരവാദിത്വം എന്റേതുമാത്രമാണ്. അതിന് എന്തു ചെയ്യണമെന്നും വചനം നമുക്ക്

കാണിച്ച് തരുന്നു. “എല്ലാറ്റിന്റെയും സാരം കേൾക്കുക ദൈവത്തെ ഭയപ്പെട്ട് അവന്റെ കൽപനകളെ പ്രമാണിച്ചു കൊൾക. അത് ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്. ദൈവം നല്ലതും തീയതുമായ സകലപ്രവൃത്തിയെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിൽ വരുത്തുമല്ലോ.” (സഭാപ്രസംഗി 13:13–14).

ആത്മരക്ഷ ഉറപ്പാക്കാനുള്ള അവസരം നമ്മുടെ ഈ ലോകജീവിതം അവസാനിക്കുമ്പോൾ തീരുന്നു. അതു കൊണ്ട് ഓരോ ദിവസവും ദൈവത്തോട് ചേർന്ന് ആത്മരക്ഷ ഉറപ്പാക്കി ജീവിക്കാം. കാരണം എന്റെ ആയുസ്സ് എത്ര എന്ന് എനിക്കറിയില്ല. അതിനോട് ഒന്നും കൂട്ടുവാനോ കുറയ്ക്കുവാനോ എനിക്ക് കഴിയില്ല. അതുകൊണ്ട് ദൈവം എന്നെ സൃഷ്ടിച്ചതിന്റെ ഉദ്ദേശം ദൈവത്തിൽ നിന്ന് ആരാഞ്ഞറിഞ്ഞ് അത് പൂർത്തിയാക്കി ആത്മാവിനെ ദൈവകരങ്ങളിൽ മടക്കി നൽകുന്ന ജീവിതമാണ് ‘പൂർണ്ണതയുള്ള ക്രിസ്തീയജീവിതം’ എന്നു പറയുന്നത്. അത് ഒരുപക്ഷേ ദീർഘായുസ്സ് ലഭിക്കണമെന്നില്ല. ദൈവം ആഗ്രഹിച്ച കാര്യങ്ങൾ ചുരുങ്ങിയ കാലയളവിൽ പൂർത്തീകരിച്ചവരും ഉണ്ട്. നല്ല വാർദ്ധക്യത്തിൽ ദൈവത്തോട് ചേരുന്നവരും ഉണ്ട്. അത് എന്തായാലും ദൈവഹിതം മാത്രമാണ്. ആയതിനാൽ നമുക്ക് ലഭിക്കുന്ന ഓരോ ദിവസവും നമ്മെ തന്നെ ശുദ്ധീകരിച്ച്, ഒരുക്കി, ദൈവഹിതത്തിനായി സമർപ്പിക്കാം. ഒരു ആത്മാവ് പോലും നഷ്ടമായി പോകല്ലേ എന്നു പ്രാർഥിക്കാം, അതിനായി പ്രവർത്തിക്കാം, ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സഭാപ്രസംഗി 3:1

എല്ലാറ്റിനും ഒരു സമയമുണ്ട്. ആകാശത്തിൻ കീഴിലിള്ള സകലകാര്യത്തിനും ഒരു കാലം ഉണ്ട്.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 063